കുറുവിലങ്ങാട് താലൂക്ക് ആശുപത്രി

93 (2369) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറുവിലങ്ങാട് താലൂക്ക് ആശുപത്രിയുടെ അത്യാവശ്യ പോസ്റ്റുകൾ സാംഗ്ക്ഷൻ ചെയ്യുന്നതിനുവേണ്ടി ഡി.എച്ച്.എസ്. സമർപ്പിച്ചിരുന്ന പ്രൊപ്പോസൽ അടങ്ങിയ ഫയൽ നമ്പർ 221/2016/M/H&FW നമ്പർ ഫയലിൽ സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഫയലും പഴയ 13344/2012/M/H&FW ഫയലും തമ്മിൽ കൂട്ടിക്കുഴച്ച് ആവശ്യമായ തസ്തികപോലും അനുവദിക്കാതെ ഫയൽ വീണ്ടും ഡി.എച്ച്.എസ്സിലേക്ക് അയയ്ക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) 221/2016/M/H&FW നമ്പർ ഫയൽ അടിയന്തരമായി ധനകാര്യവകുപ്പിന്റെ പരിഗണനയിൽ അയക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കുറുവിലങ്ങാട് താലൂക്ക് ആശുപത്രിയിലെ പോസ്റ്റ് ക്രിയേഷൻ സംബന്ധിച്ച സർക്കാർ ഫയൽ 13344/എം.1/13/ആ.കു.വ. ആണ്. മേൽ ഫയലിൽ ആരോഗ്യവകുപ്പ് ഡയറക്ടർ നൽകിയ റിപ്പോർട്ടാണ് 221/എം1/16/H&FW. ടി റിപ്പോർട്ട് പൂർണ്ണമല്ലാത്തതിനാൽ അധികവിവരങ്ങൾ വീണ്ടും ആവശ്യപ്പെട്ടിരിക്കുകയാണ്. പ്രസ്തുത റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) കുറുവിലങ്ങാട് താലൂക്ക് ആശുപത്രിയിൽ അധിക തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച ഫയൽ (13344/എം.1/13/ആ.കു.വ.) അഭിപ്രായം രേഖപ്പെടുത്തുന്നതിനായി ധനകാര്യ വകുപ്പിന് നൽകിയപ്പോൾ പ്രസ്തുത വകുപ്പ് ചില അധിക വിവരങ്ങൾ ആരാഞ്ഞു. ടി അധിക വിവരങ്ങളാണ് ആരോഗ്യവകുപ്പ് ഡയറക്ടർ 221/എം.1/16/ആ.കു.വ. പ്രകാരം ലഭ്യമാക്കിയത്. ടി റിപ്പോർട്ട് പൂർണ്ണമല്ലാത്തതിനാൽ വീണ്ടും റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. ആരോഗ്യ വകുപ്പ് ഡയറക്ടർ പൂർണ്ണമായ റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്.

(സി) 21-1-2016-ലെ 13344/എം.1/13/ആ.കു.വ. നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ട അധികവിവരങ്ങൾ ആരോഗ്യവകുപ്പ് ഡയറക്ടർ ലഭ്യമാക്കുന്ന മുറയ്ക്ക് ഫയൽ ധനകാര്യ വകുപ്പിലേക്ക് അയക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly